(ഐ) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിൽ വളരെയധികം പരിമിതികളുണ്ട് ഈ പ്രശ്നം സമഗ്രമായ പരിശോധനയ്ക്കു വിധേയമാക്കുന്നതാണ്.

(ജെ) കേന്ദ്ര സർക്കാരിന്റെ സമ്മർദ്ദം ചെലുത്തുന്നുണ്ട്.

13 (*73) മണ്ഡരിരോഗബാധയെപ്പറ്റിയുള്ള സർവേ

ശ്രീ. പി.പി. തങ്കച്ചൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര വികസന ബോർഡ് സംസ്ഥാന കാർഷിക സർവകലാശാലയുമായി യോജിച്ച് കൊണ്ട് മണ്ഡരി രോഗംമൂലം നാളികേര ഉൽപ്പാദനത്തിൽ വന്നിട്ടുള്ള കുറവിനെപ്പറ്റി സർവേ നടത്തുകയുണ്ടായോ;

(ബി) എങ്കിൽ കീടബാധമൂലം നാളികേര ഉൽപ്പാദനത്തിൽ എന്തു കുറവ് വന്നിട്ടുണ്ട്;

(സി) കീടബാധ ഏറ്റവും കൂടുതൽ ഉണ്ടായിട്ടുള്ളത് ഏതെല്ലാം ജില്ലകളിലാണ്;

(ഡി) മണ്ഡരി ബാധമൂലം നാളികേര ഉൽപ്പാദനത്തിലുള്ള കുറവ് എത്ര കാലത്തെ വിളവെടുപ്പിൽ അനുഭവപ്പെടും;

(ഇ) ഈ രോഗം മൂലം നഷ്ടം സംഭവിച്ച കർഷകർക്ക് എന്തെല്ലാം സഹായം നൽകുവാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) കണക്കാക്കിവരുന്നു.

(സി) തൃശ്ശൂർ, എറണാകുളം, പാലക്കാട്, ആലപ്പുഴ, മലപ്പുറം എന്നീ ജില്ലകളിലാണ്.

(ഡി) ഈ കുറവ് താൽക്കാലികമാണ്.

(ഇ) മണ്ഡരി ബാധയേറ്റ തെങ്ങുകളിൽ മരുന്നുതളി നടത്തുന്നതിന് തെങ്ങൊന്നിന് 6 രൂപ (മരുന്നിന്റെ വിലയും കൂലിച്ചെലവും അടക്കം) കൃഷി വകുപ്പ് നൽകുന്നതാണ്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തെങ്ങൊന്നിന് 3 രൂപ സബ്സിഡിയായി നൽകുന്നതാണ്.

14 (*74) ലഘുസമ്പാദ്യ പദ്ധതിയുടെ പലിശനിരക്ക്

ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. പി.ജെ. ജോയി :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ലഘു സമ്പാദ്യ പദ്ധതിക്ക് നിലവിലുണ്ടായിരുന്ന പലിശ നിരക്ക് കേന്ദ്ര ഗവൺമെന്റ് കുറച്ചകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റിന് എന്തെങ്കിലും നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ;

(സി) പലിശ നിരക്ക് കുറച്ചതുമൂലം സാധാരണക്കാരുടെ ഈ മേഖലയിലുള്ള സമ്പാദ്യ നിക്ഷേപം കുറയും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ നിക്ഷേപം കുറയ്ക്കുന്നതുമൂലം സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങൾക്കാവശ്യമായ വിഭവസമാഹരണത്തെ ഇത് പ്രതികൂലമായി ബാധിക്കും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇക്കാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) പലിശനിരക്ക് കുറച്ചതുമൂലം ഈ മേഖലയിലുള്ള നിക്ഷേപത്തിൽ കുറവ് ഉണ്ടാകാതിരിക്കുന്നതിനായി ഗവൺമെന്റ് എന്തെങ്കിലും പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ജി) എങ്കിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഉണ്ട്.

(ബി) ഉണ്ട്. പലിശ നിരക്ക് കുറച്ചത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നതിനാൽ സംസ്ഥാന മുഖ്യമന്ത്രിമാരുടെ അഭിപ്രായം കൂടി ആരാഞ്ഞതിന് ശേഷം ഈ കാര്യത്തിൽ തീരുമാനമെടുക്കണമെന്നും അതുവരെ മുൻ സ്ഥിതി നില നിർത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പ്രധാനമന്ത്രിക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്.

(സി)&(ഡി) ഉണ്ട്.

(ഇ) ഉണ്ട്.

(എഫ്) ഉണ്ട്. ഇക്കാര്യം ചൂണ്ടിക്കാണിച്ച് പ്രധാനമന്ത്രിക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്.

(ജി) മുൻ സ്ഥിതി നിലനിർത്താനുള്ള സമ്മർദ്ദം തുടരുന്നതോടൊപ്പം അധികവിഭവസമാഹരണം നടത്തി ഉണ്ടാക്കാവുന്ന കുറവ് നികത്താനും ശ്രമിക്കുന്നുണ്ട്.

15 (*75) ഊർജ്ജിത പച്ചക്കറി ഉൽപ്പാദനം

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീമതി എൻ.കെ. രാധ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly